**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6026** **09-11-2021 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകളിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനു സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ ; | (എ) | ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ മറ്റ് വിവിധ തസ്തികകളിലേയ്ക്ക് നിയമനത്തിനാവശ്യമായ ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള ചുമതല കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനാണ്. ദേവസ്വം ബോർഡുകളിലെ വിവിധ തസ്തികകളിലുണ്ടാകുന്ന ഒഴിവുകൾ തുടർനടപടികൾക്കായി അതാത് ദേവസ്വം ബോർഡുകൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് പരീക്ഷ, ഇന്റർവ്യൂ മുതലായ മാർഗ്ഗങ്ങളിലൂടെ നിയമനത്തിന് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനത്തിന് ശിപാർശ ചെയ്യുകയും ദേവസ്വം ബോർഡുകൾ നിയമന ഉത്തരവ് നൽകുകയും ചെയ്തുവരുന്നു. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഇതു വരെ വിവിധ ദേവസ്വം ബോർഡുകളിലെ 69 തസ്തികകളിലേയ്ക്ക് നിയമനത്തിന് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുകയും, 2685 ഉദ്യോഗാർത്ഥികൾ ഉൾക്കൊള്ളുന്ന 51 റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ച് അതിൽ നിന്നും ഇതു വരെ 1171 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ദേവസ്വം ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകളുടെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുമായി 13/07/2021-ന് ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ദേവസ്വം ബോർഡ് പ്രസിഡന്റുമാരുടെ സംയുക്ത |

യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സ്വീകരിക്കുവാൻ തീരുമാനിച്ച ചില പ്രധാന നടപടികൾ ചുവടെ ചേർക്കുന്നു. 1. ദേവസ്വം ബോർഡുകളുടെ വഴിപാട് വഴിപാടിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കുക. 2. ദേവസ്വം ബോർഡുകളുടെ ഉടമസ്ഥതയിലുള്ള ഭൂമി, കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, അസറ്റുകൾ എന്നിവയുടെ വിശദാംശങ്ങൾ സംബന്ധിച്ച് കൃത്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുക 3. ദേവസ്വം ബോർഡുകളിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഭക്തരോടുള്ള പെരുമാറ്റം എന്നിവ സംബന്ധിച്ച കാര്യങ്ങൾക്കുമായി പരിശീലനം നൽകുന്നത് അടക്കമുള്ള നടപടികൾ സ്വീകരിക്കുക 4. ദേവസ്വം ബോർഡുകളുടെ പക്കൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ക്ഷേത്രാവശ്യങ്ങൾക്കായി പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും അന്യാധീനപ്പെട്ട ഭൂമി തിരികെ ലഭ്യമാക്കുന്നതിലേക്കുള്ള ലാന്റ് കൺസർവ്വൻസി യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക. 5. ദേവസ്വം ബോർഡുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന കോടതി ഇടപെടലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക 6. ക്ഷേത്രങ്ങളിലെ വഴിപാട്, പ്രസാദം തുടങ്ങിയ സേവനങ്ങൾ ഓൺലൈനാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ 7. ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാതൃക വിദ്യാഭ്യാസ സ്ഥാപനങ്ങളാക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക. 8. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടുള്ള അറ്റകുറ്റപ്പണികൾ കാലതാമസമില്ലാതെ നടത്തുന്നതിനും ക്ഷേത്രങ്ങളിൽ ഭക്തർക്ക് ആവശ്യമായ ശൗചാലയം, വിശ്രമ സൗകര്യം എന്നിവ ഒരുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക 9. ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കലാക്ഷേത്രങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. 10. ദേവസ്വം ബോർഡുകളുടെ സംയുക്ത നിയന്ത്രണത്തിൽ സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന താമസ സൗകര്യത്തോടു കൂടിയ ഒരു താന്ത്രിക പഠന കേന്ദ്രം സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കുക. മേൽ പറഞ്ഞ യോഗ തീരുമാനങ്ങളുടെ

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലുള്ള തുടർനടപടികൾ ദേവസ്വം ബോർഡുകൾ സ്വീകരിച്ചു വരുന്നു. കൂടാതെ മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ക്ഷേത്രങ്ങളുടെ മേൽ പൂർണ്ണമായ ഭരണ നിയന്ത്രണം ഉറപ്പാക്കുന്നതിനുമായി, മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട നിലവിലെ നിയമം സമഗ്രമായി പരിഷ്കരിക്കുന്ന മലബാർ ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് ആന്റ് എൻഡോവ്മെന്റ് ആക്റ്റിനുള്ള കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ